**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **07-10-2025 - ൽ മറുപടിയ്ക്ക്**

**പരസ്യങ്ങളുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പിൽ പരസ്യത്തിനായി ആകെ 80903/- രൂപ ചെലവഴിച്ചിട്ടുണ്ട്. പിആർഡി മുഖേനയാണ് പത്ര പരസ്യം നൽകിയിട്ടുള്ളത്. തുക അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു<br><br>1) 2022- 23 സാമ്പത്തിക വർഷം മെഡിക്കൽ എൻജിനീയറിങ് എൻട്രൻസ് ട്രെയിനിങ് നൽകുന്നതിനായി മികച്ച സ്ഥാപനങ്ങളെ സംസ്ഥാനതലത്തിൽ എംപാനൽ ചെയ്യുന്നതിന്റെ ഭാഗമായി യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും താല്പര്യ പത്രം ക്ഷണിച്ചതിന് മലയാള മനോരമ, കേരളകൗമുദി എന്നീ പത്രങ്ങൾക്കായി 36921/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2) പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന പദ്ധതിയുടെ നേട്ടങ്ങൾ നവമാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നതിന് ഏജൻസികളുടെ പക്കൽ നിന്നും താൽപര്യപത്രം ക്ഷണിച്ചതിന് മലയാള മനോരമയ്ക്ക് 31989/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>3) പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന പദ്ധതിയുടെ നേട്ടങ്ങൾ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുള്ള താല്പര്യം ക്ഷണിച്ചതിൻപ്രകാരം ദേശാഭിമാനിക്ക് 8744/- രൂപയും കേരളകൗമുദിക്ക് 3249/- രൂപയും അനുവദിച്ചിട്ടുണ്ട്<br><br>ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പത്ര പരസ്യങ്ങൾ നേരിട്ട് നൽകിയിട്ടില്ല. വകുപ്പ് പുറപ്പെടുവിക്കുന്ന കുറിപ്പുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ